പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *61

02.12.2015 -ലെ മറുപടിയ്ക്ക്

## തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. കെ.മുരളീധരൻ | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) ഉണ്ട്. ഇതിനായി തൊഴിൽ വകുപ്പിൽ, ലേബർ കമ്മീഷണറേറ്റിൽ ഒരു തൊഴിൽ നിയമപരിഷ്ക്കരണസമിതി രൂപീകരിച്ചിട്ടുണ്ട് |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) തൊഴിൽ നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുകയാണ് ലക്ഷ്യം. |
| (സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) സംസ്ഥാനത്ത് തൊഴിൽ ചെയ്തുവരുന്ന തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനവും ആരോഗ്യപരിരക്ഷയും തൊഴിൽ സുരക്ഷയും ഉറപ്പു വരുത്തുന്നതിലേയ്ക്കായി 1961 ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങൾ, 1959 ലെ പ്ലാന്റേഷൻ ലേബർ ചട്ടങ്ങൾ എന്നിവ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് 1958 ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തി വേതന സുരക്ഷാ പദ്ധതിയ്ക്ക് നിയമസാധുത നൽകി 08.07.2015 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് അതോടൊപ്പം പേയ്മെന്റ് ഓഫ് വേജസ് ആക്ടും, എംപ്ലോയീസ് കോമ്പൻസേഷൻ ചട്ടങ്ങളും ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ലേബർ കമ്മീഷണറേറ്റിൽ നിയമപരിഷ്കരണ കമ്മിറ്റിയുടെ നേതൃത്വത്തിൽ പുരോഗമിച്ച വരുന്നു. |

Sreekala

സെക്ഷൻ ഓഫീസർ